# കേരള സർക്കാർ
## ഇൻഫർമേഷൻ ആൻഡ് പബ്ലിക് റിലേഷൻസ് വകുപ്പ്
### ജില്ലാ ഇൻഫർമേഷൻ ഓഫീസ്, തൃശൂർ

## പത്രക്കുറിപ്പ്
**2020 മെയ് 11 തിങ്കൾ**

<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>

**www.prd.kerala.gov.in.**
**videos: http://www.clipmail.kerala.gov.in**
**email: diothrissur@gmail.com**

<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>

## പാർട്ട് – 1

## കോവിഡ് 19 പ്രതിരോധം : ജില്ലയിലെ പോലീസുകാർക്ക് ഹോർട്ടികോർപ്പ് വക പഴകിറ്റുകൾ

കോവിഡ് 19 പ്രതിരോധത്തിന്റെ ഭാഗമായി ഡ്യൂട്ടിയിലുള്ള പോലീസുകാർക്ക് ഹോർട്ടികോർപ്പ് നൽകുന്ന പഴകിറ്റിന്റെ ജില്ലാ തല വിതരണം അയ്യന്തോൾ വെസ്റ്റ് പോലീസ് സ്റ്റേഷൻ പരിസരത്ത് തദ്ദേശസ്വയംഭരണ വകുപ്പ് മന്ത്രി എ സി മൊയ്തീൻ ഉദ്ഘാടനം നിർവഹിച്ചു. കൃഷി വകുപ്പ് മന്ത്രി അഡ്വ വി എസ് സുനിൽകുമാർ അധ്യക്ഷനായി. ജില്ലയിൽ 4000 പഴകിറ്റുകളാണ് ഹോർട്ടികോർപ്പ് കോവിഡ് 19 പ്രതിരോധ പ്രവർത്തനത്തിന്റെ ഭാഗമായി ഡ്യൂട്ടിയിലുള്ള പോലീസുകാർക്ക് നൽകുന്നത്. ഒരു കിറ്റിൽ നേന്ത്രപഴം, കൈതച്ചക്ക, മാമ്പഴം, പപ്പായ തുടങ്ങിയ പഴങ്ങളാണുള്ളത്. അട്ടപ്പാടിയിൽ നിന്നുള്ള റെഡ് ലേഡി പപ്പായ, നേന്ത്രപ്പഴം, മുതലമടയിൽ നിന്നുമുള്ള അൽഫോൻസ ബംഗാരപള്ളി, കാലപ്പാടി മാമ്പഴങ്ങൾ, വാഴക്കുളം പൈനാപ്പിൾ എന്നിവയുടെ ഓരോ കിലോ വീതം അടങ്ങുന്ന കിറ്റുകളാണ് വിതരണം ചെയ്തത്. അയ്യന്തോൾ കളക്ടറേറ്റ് പരിസരത്തുള്ള വെസ്റ്റ് പോലീസ് സ്റ്റേഷനിലെ എഴുപതോളം പോലീസുകാർക്കാണ് കിറ്റുകൾ വിതരണം ചെയ്തത്. ജില്ലയിൽ ഇതിനകം 750 കിറ്റുകൾ വിതരണം ചെയ്തതായി ഹോർട്ടികോർപ്പ് എംഡി ജെ സജീവ് പറഞ്ഞു. സിറ്റി പോലീസ് കമ്മീഷ്ണർ ആർ ആദിത്യ, റൂറൽ എസ് പി വിജയകുമാരൻ, അഡീഷ്ണൽ ഡെപ്യൂട്ടി കമ്മീഷ്ണർ പി വാഹിദ്, അസിസ്റ്റന്റ് സിറ്റി പോലീസ് കമ്മീഷ്ണർ വി കെ രാജു, റൂറൽ സ്പെഷൽ ബ്രാഞ്ച് ഡിവൈഎസ്പി ഗോപാലകൃഷ്ണൻ കെ എസ്, ഹോർട്ടികോർപ്പ് എംഡി സജീവ് ജെ, റീജണൽ മാനേജർ ബി സുനിൽ തുടങ്ങിയവർ പങ്കെടുത്തു.

***ഫോട്ടോ അടിക്കുറിപ്പ്: തൃശൂർ ജില്ലയിലെ പോലിസുക്കാർക്ക് ഹോർട്ടികോർപ്സ് ഫ്രൂട്ട്സ് കിറ്റ് മന്ത്രി എ.സി മൊയ്തീൻ വെസ്റ്റ് പോലിസ് സ്റ്റേഷനിൽ വിതരണം ചെയുന്നു***

## എടവിലങ്ങിൽ 'തളിർ'ക്കുന്നു അടുക്കളത്തോട്ടങ്ങൾ

എടവിലങ്ങ് പഞ്ചായത്തിലെ എല്ലാ വീടുകളിലും അടുക്കളതോട്ടമെന്ന ലക്ഷ്യവുമായി മുന്നേറുകയാണ് 'തളിർ' കൂട്ടായ്മ. ഓരോ വീട്ടിലും അടുക്കളതോട്ടം നിർമ്മിച്ച് അതിലെ വിളകൾ പ്രതിഫലം വാങ്ങാതെ പരസ്പരം കൈമാറികൊണ്ട് കൂടുതൽ വീടുകളിലേക്ക് കൃഷിയെ വ്യാപിപ്പിക്കുക എന്നതാണ് ലക്ഷ്യം. പഞ്ചായത്തിലെ പതിനൊന്നാം വാർഡിൽ മൂന്ന് വർഷം മുമ്പാണ് വാർഡ് മെമ്പറുടെ നേതൃത്വത്തിൽ കൂട്ടായ്മയ്ക്ക് രൂപം കൊടുത്തത്. വാർഡിലെ 95 ശതമാനം വീടുകളിലും പച്ചക്കറി തോട്ടങ്ങളായിക്കഴിഞ്ഞു. കോവിഡ് 19 ലോക്ക് ഡൗണിന്റെ പശ്ചാത്തലത്തിൽ ഭക്ഷ്യക്ഷാമം മുന്നിൽ കണ്ട് മൂന്ന് ഘട്ടങ്ങളിലായി നടീൽ വസ്തുക്കളും

വിതരണം ചെയ്തു. വെണ്ട, തക്കാളി, വഴുതന, മത്തൻ, കുമ്പളം, ചീര, ചുരക്ക, പടവലം, മുളക് തുടങ്ങിയവയാണ് കൂടുതൽ കൃഷി ചെയ്ത്.

ഇപ്പോൾ പരീക്ഷണാടിസ്ഥാനത്തിൽ മഞ്ഞൾ കൃഷിയ്ക്കും തുടക്കം കുറിച്ചു. ആദ്യ മഞ്ഞൾ നടീൽ ഇ ടി ടൈസൺ മാസ്റ്റർ എംഎൽഎ നിർവഹിച്ചു. എടവിലങ്ങ് പഞ്ചായത്ത് വൈസ് പ്രസിഡന്റ് മിനി തങ്കപ്പൻ, വാർഡ് മെമ്പർ സുമാവത്സൻ തുടങ്ങിയവർ പങ്കെടുത്തു.

***ഫോട്ടോ അടിക്കുറിപ്പ്: എടവിലങ്ങ് പഞ്ചായത്തിലെ അടുക്കളതോട്ടം സൃഷ്ടിക്കുകയെന്ന 'തളിർ' കൂട്ടായ്മയിൽ ആദ്യ മഞ്ഞൾ നടീൽ ഇ ടി ടൈസൺ മാസ്റ്റർ എംഎൽഎ നിർവഹിക്കുന്നു***

## കിടപ്പുരോഗികൾക്ക് ഡയപ്പറുകൾ നൽകി

സാമൂഹ്യനീതി വകുപ്പിന്റെ കീഴിൽ ഓർഫനേജ് കൺട്രോൾ ബോർഡിലെയും രജിസ്റ്റർ ചെയ്ത സ്ഥാപനങ്ങളിലെയും കിടപ്പ് രോഗികൾക്കുള്ള അടൽറ്റ് ഡയപ്പറുകൾ നോബിൾ ഹൈജീൻ ഫ്രണ്ട്സ് ആൻഡ് ബിഫിറ്റ് അടൽറ്റ് ഡയപ്പർസ് ജില്ലാ കളക്ടർ എസ് ഷാനവാസിന് കൈമാറി. 800 അഡൽറ്റ് ഡയപ്പറുകളാണ് ചേംബറിൽ എത്തി ഇവർ നൽകിയത്.

സാമൂഹ്യ നീതി വകുപ്പ് ലോക് ഡൗൺ കാലത്തെ അനുഭവങ്ങളുടെ വെളിച്ചത്തിൽ വയോജനങ്ങൾക്കായി നടത്തുന്ന ഫോട്ടോഗ്രാഫി, വീഡിയോഗ്രാഫി മത്സരങ്ങളുടെ സമ്മാനം സ്പോൺസർ ചെയ്യുന്നതും ഇതേ ഗ്രൂപ്പാണ്. ഇതിനുള്ള തുകയായ 19750 രൂപയുടെ ചെക്കും ഇവർ കൈമാറി. കഴിഞ്ഞ പ്രളയത്തിൽ രണ്ട് ലക്ഷം രൂപയുടെ അഡൽറ്റ് ഡയപ്പറുകളും ഇവർ നൽകിയിരുന്നു.

സോണൽ സെയിൽസ് മാനേജർ ശ്രീഹരി, ടെറിട്ടറി മാനേജർ ബാലചന്ദ്രൻ, സെയിൽസ് ഓഫീസർ നാരായണൻകുട്ടി, സൂപ്പർ ഡിസ്ട്രിബ്യൂട്ടർ താജ് ആന്റണി, സാമൂഹ്യ നീതി വകുപ്പ് ജില്ലാ ഇൻ ചാർജ് ആർ രാഗപ്രിയ, ജില്ലാ ഐസിഡിഎസ് പ്രോഗ്രാം ഓഫീസർ ചിത്രലേഖ, സാമൂഹ്യ നീതി വകുപ്പ് ടെക്നിക്കൽ അസിസ്റ്റന്റുമാരായ ബിനി സെബാസ്റ്റ്യൻ, മാർഷൽ സി രാധാകൃഷ്ണൻ തുടങ്ങിയവർ സംബന്ധിച്ചു.

## മാസ്കുകൾ കൈമാറി

എസ്എൻഡിപി യോഗം വനിതാ സംഘത്തിന്റെ നേതൃത്വത്തിൽ സംസ്ഥാനത്ത് എല്ലാ ജില്ലകളിലും മാസ്കുകൾ വിതരണം ചെയ്തു. ഇതിന്റെ ഭാഗമായി എസ് എൻ ഡി പി യോഗം വനിതാ സംഘം സംസ്ഥാന സെക്രട്ടറി അഡ്വ. സംഗീതാ വിശ്വനാഥന്റെ നേതൃത്വത്തിൽ 2000 മാസ്കുകൾ ജില്ലാ കളക്ടർ എസ്.ഷാനവാസിന് കൈമാറി. തൃശൂർ യൂണിയൻ വനിതാസംഘം ഭാരവാഹികളായ രാജശ്രീ, പദ്മിനി, സുജാത, തൃശൂർ യൂണിയൻ കൗൺസിൽ അംഗം മനോജ് കുമാർ എന്നിവർ സന്നിഹിതരായി.

***ഫോട്ടോ അടിക്കുറിപ്പ്: എസ്എൻഡിപി യോഗം വനിതാ സംഘം സെക്രട്ടറി അഡ്വ. സംഗീതാ വിശ്വനാഥ് 2000 മാസ്കുകൾ ജില്ലാ കളക്ടർ എസ്.ഷാനവാസിന് കൈമാറുന്നു***

## 'ചച-മച' ക്യാമ്പയിനുമായി കുടുംബശ്രീ തൃശൂർ ജില്ലാമിഷൻ

കോവിഡ്-19 പ്രതിരോധത്തിന്റെ ഭാഗമായി പ്രഖ്യാപിച്ച ലോക്ക് ഡൗൺ കാലം ഫലപ്രദമായി വിനിയോഗിച്ച് പരിസ്ഥിതി ദിനത്തിലേക്കായി മരത്തൈകൾ മുളപ്പിക്കാൻ ജില്ലാ കുടുംബശ്രീ മിഷൻ. 'ചച-മച' (ചക്കക്കുരു ചലഞ്ച് - മാങ്ങയണ്ടി ചലഞ്ച്) എന്ന് പേരിട്ടിരിക്കുന്ന പ്രത്യേക ക്യാമ്പയിനുമായി മുന്നിട്ടിറങ്ങി മാതൃകയാവുകയാണ് കുടുംബശ്രീ തൃശൂർ ജില്ലാമിഷൻ. ജില്ലയിലെ 24,698 അയൽക്കൂട്ടങ്ങളെയും പങ്കെടുപ്പിച്ച് പദ്ധതി നടപ്പിലാക്കാനാണ് കുടുംബശ്രീ തൃശൂർ ജില്ലാമിഷൻ ലക്ഷ്യമിടുന്നത്. ചക്കത്തൈയും മാവിൻതൈയുമാണ് അയൽക്കൂട്ടങ്ങൾ മുളപ്പിക്കുക. ഇങ്ങനെ മുളപ്പിച്ച തൈകൾ പരിസ്ഥിതി ദിനമായ ജൂൺ 5 ന് നടും. മാർച്ച് ഏഴിനാണ് ക്യാമ്പയിൻ തുടങ്ങിയത്.

ഇപ്പോൾ സുലഭമായി ലഭിക്കുന്ന ചക്കക്കുരുവും മാങ്ങയും കവറിലാക്കി വിത്ത് മുളപ്പിക്കുകയാണ് ചക്കക്കുരു ചലഞ്ചിലും മാങ്ങയണ്ടി ചലഞ്ചിലും അയൽക്കൂട്ട അംഗങ്ങൾ

ചെയ്യേണ്ടത്. ഇത്തരത്തിൽ എല്ലാ അയൽക്കൂട്ട അംഗങ്ങളുടെയും വീടുകളിൽ വിത്ത് മുളപ്പിക്കാനാണ് നിർദ്ദേശം നൽകിയിരിക്കുന്നത്. അധികം സാമ്പത്തിക ചിലവില്ലാതെ അയൽക്കൂട്ട അംഗങ്ങളുടെ നേതൃത്വത്തിൽ സ്വാഭാവികമായി പ്ലാവിന്റെയും മാവിന്റെയും നാടൻ തൈകൾ ഉല്പാദിപ്പിക്കാനാണ് ഈ ക്യാമ്പയിനിലൂടെ കുടുംബശ്രീ തൃശൂർ ജില്ലാമിഷൻ ലക്ഷ്യമിടുന്നത്. പ്രകൃതിയോടിണങ്ങി ജീവിക്കേണ്ടതിന്റെ പ്രസക്തി അടിവരയിടുന്നതിനൊപ്പം ഈ ലോക്ക് ഡൗൺ കാലം ഫലപ്രദമായി പ്രയോജനപ്പെടുത്താൻ അയൽക്കൂട്ടങ്ങളോട് ആഹ്വാനം ചെയ്യുകയാണ് കുടുംബശ്രീ തൃശൂർ ജില്ലാമിഷൻ.

***ഫോട്ടോ അടിക്കുറിപ്പ്: 'ചക്ക-മാങ്ങ' ക്യാമ്പയിനുമായി കുടുംബശ്രീ തൃശൂർ ജില്ലാമിഷൻ***

## പോസ്റ്ററുകൾ പ്രകാശനം ചെയ്തു

ജില്ലാ ശുചിത്വമിഷന്റെ നേതൃത്വത്തിൽ മഴക്കാലപൂർവ്വ ശുചീകരണത്തിന്റെ ഭാഗമായി തയ്യാറാക്കിയ പോസ്റ്ററുകൾ ജില്ലാ പ്ലാനിംഗ് ഓഫീസർ ടി ആർ മായ ജില്ലാ കളക്ടർ എസ് ഷാനവാസിനു നൽകി പ്രകാശനം ചെയ്തു.

***ഫോട്ടോ അടിക്കുറിപ്പ്:***

***1) മഴക്കാലപൂർവ്വ ശുചീകരണത്തിന്റെ ഭാഗമായി തയ്യാറാക്കിയ പോസ്റ്ററുകൾ ജില്ലാ പ്ലാനിംഗ് ഓഫീസർ ടി ആർ മായ ജില്ലാ കളക്ടർ എസ് ഷാനവാസിനു നൽകി പ്രകാശനം ചെയ്യുന്നു***

***2) ജില്ലാ ശുചിത്വമിഷന്റെ നേതൃത്വത്തിൽ തയ്യാറാക്കിയ മഴക്കാലപൂർവ്വ ശുചീകരണത്തിന്റെ പോസ്റ്ററുകൾ***

## കുടുംബശ്രീ പച്ചക്കറി വണ്ടി ഇനി വീട്ടുമുറ്റത്ത്

കുടുംബശ്രീ പച്ചക്കറി വണ്ടി ഇനി വീട്ടുമുറ്റത്ത്. കോവിഡ് 19 മഹാവ്യാധിയുടെ പശ്ചാത്തലത്തിൽ വിളവെടുക്കുന്ന പച്ചക്കറികൾ വിപണനം നടത്താൻ കുടുംബശ്രീ വഴിയൊരുക്കുന്നു. ജില്ലയിലെ എം കെ എസ് പി പദ്ധതിയിൽ ഉൾപ്പെട്ടിരുന്ന സംഘകൃഷി ഗ്രൂപ്പുകൾക്ക് പച്ചക്കറി വിളവെടുക്കുന്നതിലും വിപണനം നടത്തുന്നതിനും ബുദ്ധിമുട്ട് നേരിട്ട സാഹചര്യത്തിലാണ് കുടുംബശ്രീയുടെ പുതിയ പദ്ധതി. കോറോണക്കാലത്ത് പുറത്തിറങ്ങാൻ പറ്റാത്തതിനാൽ ജില്ലയിലെ വിവിധ ബ്ലോക്കുകളിലെ സിഡിഎസുകളിലെ സംഘകൃഷി ഗ്രൂപ്പുകൾ ചെയ്യുന്ന പച്ചക്കറികളാണ് ഇങ്ങനെ വണ്ടിയിൽ ശേഖരിക്കുന്നത്. ജില്ലാതലത്തിൽ സേവനം ഒരുക്കുന്ന ഈ വണ്ടിയിൽ പച്ചക്കറികൾ ശേഖരിച്ച് ബ്ലോക്കുകളിൽ എത്തിച്ച് വിവിധ പ്രദേശങ്ങളിലായി വിറ്റഴിക്കും. കുടുംബശ്രീ പച്ചക്കറി വണ്ടി ഇനി വീട്ടുമുറ്റത്ത് എന്ന പദ്ധതിയുടെ ഉദ്ഘാടനം കളക്ടറേറ്റ് പരിസരത്ത് കുടുംബശ്രീ ജില്ലാ മിഷൻ കോർഡിനേറ്റർ കെ വി ജ്യോതിഷ് കുമാർ നിർവഹിച്ചു.

***ഫോട്ടോ അടിക്കുറിപ്പ്: കുടുംബശ്രീ നേതൃത്വത്തിൽ ആരംഭിച്ച സഞ്ചരിക്കുന്ന പച്ചക്കറി വണ്ടി***

## നടത്തറ ഗ്രാമപഞ്ചായത്തിൽ ജനകീയ ഹോട്ടൽ തുടങ്ങി

നടത്തറ ഗ്രാമപഞ്ചായത്തിലെ ജനകീയ ഹോട്ടൽ ജില്ലാ പഞ്ചായത്ത് പ്രസിഡന്റ് മേരി തോമസ് ഉദ്ഘാടനം ചെയ്തു. മൂർക്കനിക്കര സെന്ററിൽ സ്വകാര്യ കെട്ടിടത്തിൽ കുടുംബശ്രീ യൂണിറ്റാണ് ജനകീയ ഹോട്ടൽ ഒരുക്കുന്നത്. ആദ്യ ഊണ് മേരി തോമസും ഒല്ലൂക്കര ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റ് ഐ എസ് ഉമാ ദേവിയും ചേർന്ന് വാങ്ങി. നടത്തറ ഗ്രാമ പഞ്ചായത്ത് പ്രസിഡന്റ് അഡ്വ പി ആർ രജിത് അധ്യക്ഷനായി. വാർഡ് മെമ്പർ ലില്ലി, കുടുംബശ്രീ എ ഡി എം സി രാധാകൃഷ്ണൻ കെ തുടങ്ങിയവർ പങ്കെടുത്തു.

## തുടരും